കേരള സർക്കാർ

## വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

**ജില്ലാ ഇൻഫർമേഷൻ ആഫീസ്** **2018 ഒക്ടോബർ 04**

**കാസർകോട്** **വ്യാഴം**

**www.prd.kerala.gov.in** **04994 255145** **dioksgd@gmail.com**

## ഗാന്ധിജയന്തി വാരാചരണം; വിദ്യാർഥികൾക്കായി

## വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു

## ഗാന്ധിജിയുടെ ഊന്നുവടി; സർപ്രൈസ് സമ്മാനം ദീക്ഷ്ണയ്ക്ക്

മഹാത്മാഗാന്ധി സ്ഥിരമായി ഉപയോഗിച്ചിരുന്ന ഊന്നുവടി സമ്മാനിച്ചത് ആര്... ഊന്നുവടി നൽകിയ വ്യക്തിക്ക് കാസർകോട് ജില്ലയുമായി ബന്ധമുണ്ട്. ഉത്തരം പറയുന്നവർക്ക് സർപ്രൈസ് സമ്മാനവും പ്രഖ്യാപിച്ചതോടെ കാസർകോട് ഗവ.ഗേൾസ് ഹൈസ്കൂളിലെ വിദ്യാർഥിനികൾ കൂടുതൽ ഉഷാറായി. ആവേശകരമായ മത്സരത്തിനൊടുവിൽ പത്താം ക്ലാസിലെ പി.ഡി ദീക്ഷ്ണ ആ ഉത്തരം പറഞ്ഞു... മഞ്ചേശ്വർ ഗോവിന്ദപൈ.

ഗാന്ധിജയന്തി വാരാചരണത്തോടനുബന്ധിച്ച് ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ആഭിമുഖ്യത്തിൽ ഗവ.ഗേൾസ് സ്കൂളിൽ വിദ്യാർഥിനികൾക്കായി നടത്തിയ വിവിധ മത്സരങ്ങളിൽ ഗാന്ധിജിയെ അടിസ്ഥാനമാക്കി നടത്തിയ ക്വിസ് മത്സരത്തിലാണ് ഇത്തരത്തിൽ പുത്തൻ അറിവുകൾ പകർന്നത്. മാർട്ടിൻ ലൂതർ കിംഗ് അമേരിക്കൻ ഗാന്ധി എന്നതും, ഇത് എന്റെ അമ്മയാണ് എന്ന് മഹാത്മാ ഗാന്ധി പറഞ്ഞിരുന്ന പുസ്തകം ഭഗവത് ഗീതയാണെന്നതും കുട്ടികളിൽ പലർക്കും പുതിയ അറിവായിരുന്നു.

വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടത്തിയ പരിപാടിയിൽ ഉപന്യാസം, കവിതാലാപന മത്സരങ്ങളും നടത്തി. ക്വിസ് മത്സരത്തിൽ പത്ത് ഡി യിലെ ബി.നിത്യ ഒന്നാം സ്ഥാനവും ഇതേ ക്ലാസിലെ പി.ഡി ദീക്ഷ്ണ രണ്ടാമതും എം.ജി അനഘ, ടി.റഹമോൾ എന്നിവർ മൂന്നാം സ്ഥാനവും നേടി.

കവിതാലാപനത്തിൽ ഒൻപതാം ക്ലാസിലെ കെ.സ്മിത, പത്താം ക്ലാസിലെ നിധിഷ്മ എന്നിവർ യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി. മത്സരങ്ങൾക്ക് മുന്നോടിയായി മുഖ്യമന്ത്രി പിണറായി വിജയന്റെ ഗാന്ധിജയന്തി വാരാചരണ സന്ദേശം പ്രദർശിപ്പിച്ചു. പിടിഎ പ്രസിഡന്റും നഗരസഭ കൗൺസിലറുമായ റാഷിദ് പൂരണം മത്സരങ്ങൾ ഉദ്ഘാടനം ചെയ്തു. പ്രധാനാധ്യപിക ശാരദ അധ്യക്ഷയായി. അധ്യാപകനായ പി.ഷാജി ക്വിസ് മത്സരങ്ങൾ നിയന്ത്രിച്ചു. ജില്ലാ ഇൻഫർമേഷൻ ഓഫീസർ പി.റഷീദ് ബാബു സ്വാഗതവും അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ സിടി ജോൺ നന്ദിയും പറഞ്ഞു.

ഫോട്ടോ അടിക്കുറിപ്പ്:- ദീക്ഷ്ണ:-ഗാന്ധിജയന്തി വാരാചരണത്തോട് അനുബന്ധിച്ച് നടന്ന ക്വിസ് മത്സരത്തിൽ സർപ്രൈസ് സമ്മാനം ദീക്ഷ്ണയ്ക്ക് റഷീദ് പൂരണം നൽകുന്നു.

**സ്കൂൾ:-** ഗാന്ധിജയന്തി വാരാചരണത്തോട് അനുബന്ധിച്ച് കാസർകോട് ഗവ.ഗേൾസ് ഹൈസ്കൂളിൽ നടന്ന മത്സരങ്ങൾ റഷീദ് പൂരണം ഉദ്ഘാടനം ചെയ്യുന്നു.

(തുടരും)

**സിഎം:-** ഗാന്ധിജയന്തി വാരാചരണത്തോട് അനുബന്ധിച്ചുള്ള മുഖ്യമന്ത്രിയുടെ സന്ദേശം കാസർകോട് ഗവ.ഗേൾസ് ഹൈസ്കൂളിൽ പ്രദർശിപ്പിച്ചപ്പോൾ.

## മുളയധിഷ്ഠിത നിർമ്മാണം; കാസർകോടിന്റെ സാധ്യതകൾ: സെമിനാർ ഇന്ന്

ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ആഭിമുഖ്യത്തിൽ നായന്മാർമൂല തൻബീഹുൽ ഇസ്ലാം ടീച്ചർ ട്രെയിനിംഗ് സെന്ററിൽ സെമിനാർ ഇന്ന് നടക്കും. മുളയധിഷ്ഠിത നിർമ്മാണം; കാസർകോടിന്റെ സാധ്യതകൾ, പ്രളയാനന്തരകേരളം: പ്രകൃതി സംരക്ഷണത്തിന്റെ അനിവാര്യത, ഗാന്ധിയൻ ആദർശനങ്ങളുടെ പ്രസക്തി എന്നി വിഷങ്ങളിലാണ് സെമിനാർ. ജില്ലാ കളക്ടർ ഡോ.ഡി.സജിത്ബാബു ഉദ്ഘാടനം ചെയ്യും. പ്രിൻസിപ്പാൾ ഡോ.ഇ.വി കുഞ്ഞിരാമൻ അധ്യക്ഷതവഹിക്കും. പ്രസിഡന്റ് എൻ.എ അബുബക്കർ, ട്രെയിനിംഗ് സെന്റർ മാനേജർ അബ്ദുൾ ലത്തീഫ് തുടങ്ങിയവർ പങ്കെടുക്കും.

## അറബിക്കടലിൽ ചുഴലിക്കാറ്റിന് സാധ്യത, ഒക്ടോബർ 7ന് അതി തീവ്ര മഴയ്ക്ക് സാധ്യത ജില്ലയിലും കൺട്രാൾ റൂം

അറബിക്കടലിന്റെ തെക്ക് കിഴക്ക് ഭാഗത്തായി (ശ്രീലങ്കയ്ക്ക് അടുത്ത്) ഒക്ടോബർ അഞ്ചോടെ ശക്തമായ ന്യൂനമർദം രൂപപ്പെടാനുള്ള സാധ്യത കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം പ്രവചിച്ചതിന്റെ അടിസ്ഥാനത്തിൽ അതിവജാഗ്രത നിർദേശം. ന്യൂനമർദം ശക്തി പ്രാപിച്ച് ചുഴലിക്കാറ്റായി മാറുമെന്നും അറബിക്കടലിലൂടെ, ലക്ഷദ്വീപിന് അടുത്തുകൂടി വടക്ക് പടിഞ്ഞാറൻ ദിശയിൽ സഞ്ചരിക്കുമെന്നും കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.ഇതിനാൽ കേരളതീരത്തും അതിശക്തമായ കാറ്റുണ്ടാവുകയും കടൽ അതിപ്രക്ഷുബ്ധമായി മാറുകയും ചെയ്യും.

കേരളത്തിൽ പലയിടങ്ങളിലും ശക്തവും, അതി ശക്തവും, അതി തീവ്രവുമായ മഴ പെയ്യിക്കാൻ സാധ്യതയുണ്ട്. ഒക്ടോബർ 7ന് അതിതീവ്രമായ മഴയാണ് പ്രതീക്ഷിക്കുന്നത്. ഒക്ടോബർ 5 ന് കേരളത്തിൽ പരക്കെ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. ന്യൂനമർദം ശക്തി പ്രാപിക്കുന്നതോടെ തീരപ്രദേശത്ത് അതി ശക്തമായ കാറ്റടിക്കാനും അത് വഴി അപകടങ്ങൾ സംഭവിക്കാനും സാധ്യതയുണ്ട്. അടിയന്തര സാഹചര്യം നേരിടുന്നതിനും, പ്രതികരണ പ്രവർത്തങ്ങൾ ആരംഭിക്കുവാനും എല്ലാ വകുപ്പിലേയും ഉദ്യോഗസ്ഥരും സർക്കാർ സജ്ജരാക്കി.

കാസർകോട് ജില്ലയിലും 24 മണിക്കൂർ കൺട്രോൾ റൂം സജ്ജമാക്കി. 04994 257700, 9446601700 എന്നിവയാണ് കൺട്രോൾ റൂം നമ്പറുകൾ. ശക്തമായ മഴ മൂലം പെട്ടന്നുള്ള വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവക്കു സാധ്യതയുള്ളതിനാൽ സർക്കാർ താഴെ പറയുന്ന വിവിധ വിഭാഗങ്ങളെ സജ്ജരാക്കി.

**ജില്ലാ ദുരന്ത നിവാരണ അതോറിറ്റി:-** ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ 24 മണിക്കൂറും അടിയന്തര ഘട്ട പ്രവർത്തനങ്ങൾക്കായി സജ്ജരായിരിക്കും. പോലീസ്, റവന്യൂ , ഫയർ ഫോഴ്സ് ഉദ്യോഗസ്ഥരുടെ സേവനം 24 മണിക്കുറും അടിയന്തര ഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ ഉറപ്പുവരുത്തും. ടെലിഫോൺ, വയർലെസ്സ്, ഫാക്സ്, ഇൻറർനെറ്റ്, വാട്സ് ആപ്പ് എന്നിവ 24 മണിക്കൂറും ലഭ്യമാണെന്ന് ഉറപ്പു വരുത്തും. സാറ്റലൈറ്റ് ഫോണുകൾ ലഭ്യമായിട്ടുള്ള ജില്ലകളിൽ അവ പ്രവർത്തന ക്ഷമമാണെന്ന് ഉറപ്പു വരുത്തും. ഒക്ടോബർ അഞ്ചു മുതൽ രാവിലെ 11 മണി, വൈകിട്ട് 3 മണി, രാത്രി 10 മണി എന്നീ സമയങ്ങളിൽ സാറ്റലൈറ്റ് ഫോണുകൾ പുറത്ത് കൊണ്ട് വന്ന് എസ്.ഇ.ഒ.സി യിലെ മൊബൈൽ ഫോണിലേക്ക് ബന്ധപ്പെടുക. അടിയന്തരഘട്ട കാര്യലയങ്ങളിൽ നിന്നുള്ള മുന്നറിയിപ്പുകൾ ബന്ധപ്പെട്ടവർക്ക് ലഭിച്ചുവെന്ന് ഉറപ്പു വരുത്തും. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ജില്ലാതല കോർഡിനേറ്ററുടെ ചുമതല വഹിക്കും.

(തുടരും)

ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളിൽ ജനറേറ്റർ സേവനം ഉറപ്പ് വരുത്തും. യു.പി.എസ കളുടെ ബാറ്ററി പ്രവർത്തനക്ഷമമാക്കും. ചുവടെ ചേർക്കുന്ന നിർദേശങ്ങൾ നടപ്പാക്കുവാൻ എല്ലാ വകുപ്പുകൾക്കും നിർദേശം നൽകി.

റവന്യൂ: - താലൂക്ക് തല കൺടോൾ റൂമുകൾ പ്രവർത്തന ക്ഷമമമാക്കേണ്ടതും ഒക്ടോബർ അഞ്ചു മുതൽ 24 മണിക്കൂറും താലൂക്ക് തല കണ്ട്രോൾ റൂമുകൾ പ്രവർത്തിപ്പിക്കുന്നതിന് തഹസീൽദാർമാർക്ക് നിർദ്ദേശം നൽകി. ഒരു താലൂക്കിന് ഒരു ഡെപ്യൂട്ടി കളക്ടർ എന്ന നിലക്ക് ചാർജ് ഓഫീസർമാരെ നിയോഗിച്ചു. വെള്ളപ്പൊക്ക സാധ്യതയുള്ളതും, ഉരുൾപൊട്ടൽ സാധ്യതയുള്ളതുമായ താലൂക്കുകളിൽ ദുരിതാശ്വാസ ക്യാമ്പുകൾ സജ്ജമാക്കി. അതാത് ദിവസത്തെ ദുരന്ത വിവര ശേഖരണം കൃത്യമായി നടത്തി, നിശ്ചിത ഫോർമാറ്റിൽ സംസ്ഥാനതലത്തിൽ അയച്ച് നൽകുക

പോലീസ് ആന്റ് ഫയർ ഫോഴ്സ്:- മുൻപ് പ്രളയം ബാധിച്ചതും, ഉരുൾപൊട്ടൽ നടന്നതുമായ എല്ലാ സ്ഥലങ്ങളിലും പോലീസ് മൈക്ക് അനൗൺസ്മെന്റ് നടത്തി അതി തീവ്ര മഴയുടെ സാഹചര്യവും, ഉരുൾപൊട്ടൽ സാധ്യതയും, വെള്ളപ്പൊക്ക സാധ്യതയും അറിയിക്കും. 24 മണിക്കൂറും രക്ഷാ പ്രവർത്തനത്തിന് സജ്ജരാക്കി ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ നിന്ന് പൊതു ജനങ്ങൾക്ക് മുന്നറിയിപ്പുകൾ നൽകും.

മലയോര മേഖലകളിലൂടെയുള്ള രാത്രി സഞ്ചാരം പരമാവധി ഒഴിവാക്കണം. ലഭിക്കുന്ന മഴയുടെ പ്രാദേശിക തീവ്രതയും കൂടി പരിഗണിച്ച്, രാത്രി 7 മണിക്കും, രാവിലെ 7 മണിക്കും ഇടയിൽ മലയോര മേഖലയിൽ യാത്രാ നിയന്ത്രണം ഏർപ്പെടുത്തും.അടിയന്തര വാഹനങ്ങൾ അല്ലാതെയുള്ളവ പകൽ സമയത്ത് മാത്രം കടത്തി വിടും.. രാത്രി സമയത്ത് ഒരു കാരണവശാലും വിനോദ സഞ്ചാരികളെ മലയോര മേഘലയിലെ റോഡുകളിൽ അനുവദിക്കില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ:- മലയോര പ്രദേശങ്ങളിലും, വെള്ളപ്പൊക്ക സാധ്യതയുള്ള പ്രദേശങ്ങളിലും, തീരപ്രദേശങ്ങളിലും ഉള്ള ജനങ്ങളെ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറ്റി പാർപ്പിക്കുന്നതിന് നിർദേശം നൽകി. മുന്നറിയിപ്പുകൾ ജനങ്ങളിലെത്തുന്നു എന്ന് ഉറപ്പുവരുത്തണം.

ആരോഗ്യ വകുപ്പ്:- ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാന്റെ നിർദ്ദേശം അനുസരിച്ച് ജില്ലാ അടിയന്തര ഘട്ട കേന്ദ്രത്തിലേക്ക് ജില്ലാ നോഡൽ ഓഫീസറുടെ സേവനം ഉറപ്പുവരുത്തും. പ്രളയ ബാധിത പ്രദേശങ്ങളിലും, ഉരുൾപൊട്ടൽ പ്രദേശങ്ങളിലുമുള്ള ആശുപത്രികളും മറ്റും 24 മണിക്കൂറും പ്രവർത്തിക്കാൻ സജ്ജമായിരിക്കും. മെഡിക്കൽ ടീമുകളെ ഫീൽഡിൽ പ്രവർത്തിക്കാനായി സുസജ്ജരാക്കി. പകർച്ചവ്യാധികൾ പ്രതിരോധിക്കാൻ ഉള്ള തയ്യാറെടുപ്പുകൾക്കും നിർദേശം നൽകി.

കെഎസ്ഇബി:-. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാന്റെ നിർദ്ദേശം അനുസരിച്ച് ജില്ലാ അടിയന്തരഘട്ട കേന്ദ്രത്തിലേക്ക് ജില്ലാ നോഡൽ ഓഫീസറുടെ സേവനം ഉറപ്പുവരുത്തണം. കെഎസ്ഇബിയുടെ നിയന്ത്രണത്തിലുള്ള ഡാമുകളുടെ 24 മണിക്കൂറും മോണിട്ടറിംഗ് കർശനമാക്കുന്നതിന് കൺട്രോൾ റൂമുകൾ തുറന്നിട്ടുള്ളതിന്റെ പ്രവർത്തനം ഉറപ്പുവരുത്തും. ഈ കൺട്രോൾ റൂമുകൾ ജില്ലാ കളക്ടറുമാരുമായി നിരന്തര സമ്പർക്കം പുലർത്തണം. 4 മണിക്കൂർ മുൻപ് ജില്ലാ കളക്ടർമാരെ അറിയിച്ച് അനുമതി വാങ്ങിയതിന് ശേഷം മാത്രമേ ഡാമുകളുടെ ഷട്ടറുകൾ തുറക്കാൻ പാടുള്ളു.ഡാമുകളെ സംബന്ധിച്ച വിവിധ അലർട്ടുകൾ സംബന്ധിച്ച വിവരം കാലേകൂട്ടി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻറെ ശ്രദ്ധയിൽ പെടുത്തുക. ഏതൊരു ഡാമിന്റെയും ഷട്ടർ പുതുതായി തുറക്കുന്നത് പകൽ സമയത്ത് മാത്രമായിരിക്കണമെന്നും വൈകിട്ട് 6 മണിക്ക് ശേഷവും പകൽ 6 മണിക്ക് ഇടയിലുമുള്ള സമയത്ത് തുറക്കരുത്. അടിയന്തര ഘട്ടങ്ങളിൽ വൈദ്യുതി തടസ്സമോ ഗതാഗത തടസ്സമോ ഉണ്ടായാൽ പരിഹരിക്കാൻ തയ്യാറായിരിക്കുക.

ഇറിഗേഷൻ:- ഇറിഗേഷൻ നിയന്ത്രണത്തിലുള്ള ഡാമുകളുടെ 24 മണിക്കൂർ മോണിട്ടറിംഗ് കർശനമാക്കും. ഈ കൺട്രോൾ റൂമുകൾ ജില്ലാ കളക്ടറുമാരുമായി നിരന്തര സമ്പർക്കം പുലർത്തുകയും മുൻകൂട്ടി ജില്ലാ കളക്ടർമാരെ അറിയിച്ച് അനുമതി വാങ്ങിയതിന് ശേഷം മാത്രമേ ഡാമുകളുടെ ഷട്ടറുകൾ തുറക്കാൻ പാടുള്ളു. ഏതൊരു ഡാമിന്റെയും ഷട്ടർ പുതുതായി തുറക്കുന്നത് പകൽ സമയത്ത് മാത്രമായിരിക്കണമെന്നും വൈകിട്ട് 6 മണിക്ക് ശേഷവും പകൽ 6 മണിക്ക് ഇടയിലുമുള്ള സമയത്ത് തുറക്കരുത്

(തുടരും)

ഫിഷറീസ് വകുപ്പ്:- 24 മണിക്കൂറും മോണിട്ടറിംഗ് കർശനമാക്കുന്നതിന് കൺട്രോൾ റൂമുകൾ തുറക്കും.ഈ മുന്നറിയിപ്പ് തീരദേശ ഗ്രാമങ്ങളിലും, തുറമുഖങ്ങളിലും, മത്സ്യബന്ധന മേഖലയിലെ ആരാധനാലയങ്ങളിലും, തീരപ്രദേശത്തെ ജനപ്രതിനിധികളെയും, മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മറ്റു സർക്കാർ സ്ഥപനങ്ങളെയും അറിയിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കും. ദീർഘ നാളത്തേക്ക് അറബികടലിൽ മത്സ്യ ബന്ധനത്തിന് പോയവർ തീരം അണയുന്നതിന് നിർദേശം നൽകി.കടൽ ആംബുലൻസുകൾ സുസജ്ജമാക്കി. അടിയന്തിര രക്ഷാപ്രവർത്തന സജ്ജികരിച്ചു.

തീരദേശ പോലീസ്, മറൈൻ എൻഫോഴ്സ്മെന്റ്: 24 മണിക്കൂറും മോണിട്ടറിംഗ് കർശനമാക്കി. മത്സ്യതൊഴിലാളികൾ കേന്ദ്ര കാലവസ്ഥാ നിർദ്ദേശിക്കുന്ന ദിവസം വരെ മത്സ്യബന്ധനത്തിന് പോകരുതെന്ന് എന്ന അറിയിപ്പ് തീരദേശങ്ങളിൽ നല്കി.

സാമൂഹിക സുരക്ഷാ വകുപ്പ്:- ഭിന്നശേഷിക്കാരായ ആളുകളുടെ പട്ടിക ഉപയോഗിച്ച്, ഇവരെ പ്രത്യേകം പരിഗണിക്കുകയും, ദുരന്ത സാധ്യതാ മേഘലയിൽ ഉള്ളവരെ സുരക്ഷിതമായി മാറ്റി പർപ്പിക്കുവാൻ നടപടി സ്വീകരിക്കുകവാനും നിർദേശിച്ചു.

ടൂറിസം വകുപ്പ്:- മലയോര മേഖലയിലേക്കുള്ള വിനോദയാത്ര, പ്രത്യേകിച്ചും നീലകുറിഞ്ഞി ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ ഒഴിവാക്കുവാൻ ആവശ്യമായ നടപടി സ്വീകരിച്ചു. രാത്രി സമയത്ത് ഒരു കാരണവശാലും വിനോദ സഞ്ചാരികളെ മലയോര മേഖലയിലെ റോഡുകളിൽ അനുവദിക്കില്ല.

വിദ്യാഭ്യാസ വകുപ്പ്:- ഓറഞ്ചു അലേർട്ട്, റെഡ് അലേർട്ട് എന്നിവ പ്രഖ്യാപിക്കുന്ന ജില്ലകളിൽ, ലഭിക്കുന്ന മഴയുടെ തീവ്രതയും, തോതും കൂടി പരിഗണിച്ച് ആവശ്യമെങ്കിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകും.

## ഉത്തരമലബാർ ടൂറിസം: യോഗ ടൂറിസം

## ശില്പശാല നാളെ

ഉത്തരമലബാറിൽ യോഗ ടൂറിസം സംരംഭങ്ങൾ തുടങ്ങുവാൻ താൽപര്യമുള്ളവർക്കായി ഏകദിനശില്പശാല നടത്തുന്നു. ബേക്കൽ റിസോർട്ട്സ് ഡെവലപ്പ്മെന്റ് കോർപറേഷൻ ലിമിറ്റഡ് തച്ചങ്ങാട് കൾച്ചറൽ സെന്ററിൽ നാളെ(6) രാവിലെ 10ന് കെ.കുഞ്ഞിരാമൻ എംഎൽഎ ഉദ്ഘാടനം ചെയ്യും. ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത്ബാബു അധ്യക്ഷതവഹിക്കും. ജില്ലാ പോലീസ് മേധാവ ഡോ.എ ശ്രീനിവാസ് മുഖ്യാതിഥിയാകും.

## ഒബിസി പ്രീമെട്രിക് സ്കോളർഷിപ്പ് തീയതി നീട്ടി

2018- 19 വർഷത്തെ ഒബിസി പ്രീമെട്രിക് സ്കോളർഷിപ്പിനായി വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാനതീയതി ഒക്ടോബർ 10 വരെ നീട്ടി.

## സ്കോളർഷിപ്പ് അപേക്ഷകൾ ഒക്ടോബർ 15 വരെ സ്വീകരിക്കും

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് 2018-19 അധ്യയന വർഷത്തേക്ക് സ്കോളർഷിപ്പ് അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഒക്ടോബർ 15 വരെ നീട്ടി.

## ട്രാൻസ്പോർട്ട് അതോറിട്ടി യോഗം

കാസർകോട് റീജിയണൽ ട്രാൻസ്പോർട്ട് അതോറിട്ടി യോഗം ഒക്ടോബർ 25 ന് രാവിലെ 11 ന് കളക്ടറേറ്റ് മിനി കോൺഫറൻസ് ഹാളിൽ നടക്കും.

(തുടരും)

## നവകേരള സൃഷ്ടി: ദേശീയ സെമിനാറിന് തുടക്കമായി

നവകേരള സൃഷ്ടി സാമൂഹ്യ പുനർ നിർമാണത്തിലൂടെ വേണമെന്നും കേരളത്തിന്റെ സമൂഹത്തിന്റെയും സമ്പദ് വ്യവസ്ഥയുടെയും പുനർനിർമാണമാണ് നടക്കേണ്ടതെന്നും എളേരിത്തട്ട് ഇ.കെ നായനാർ സ്മാരക ഗവ. കോളേജിൽ സംഘടിപ്പിക്കുന്ന സെമിനാറിൽ ഉയർന്നുവന്നു. സാമ്പത്തിക ശാസ്ത്ര വിഭാഗവും കോളേജ് വിദ്യാഭ്യാസ വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന ദ്വിദിന ദേശീയ സെമിനാറിന് തുടക്കമായി. കേരള പരിസ്ഥിതി, സമ്പദ് വ്യവസ്ഥ, സമൂഹം - പുതിയ കാഴ്ചപ്പാടുകൾ എന്ന വിഷയത്തിലുള്ള സെമിനാർ കേന്ദ്ര സർവകലാശാലാ രാജിസ്ട്രാർ ഡോ.എ. രാധാകൃഷ്ണൻ നായർ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. മേഴ്സി ജോസഫ് അധ്യക്ഷത വഹിച്ചു. തിരുവനന്തപുരം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ മേധാവി ഡോ. ഡി. നാരായണ മുഖ്യ പ്രഭാഷണം നടത്തി. ടി. ജി. ശശീന്ദ്രൻ, ഡോ. ജെയ്സൺ വി ജോസഫ്, കെ. ടി. ദീപക്, സി. സന്തോഷ്, ശ്രീസുരഭി എന്നിവർ സംസാരിച്ചു. സാമ്പത്തിക ശാസ്ത്ര വിഭാഗം തലവൻ ഡോ. എൻ. കരുണാകരൻ സ്വാഗതവും കോ ഓർഡിനേറ്റർ പി. കെ. രതീഷ് നന്ദിയും പറഞ്ഞു.

തുടർന്ന് വിവിധ സെഷനുകളിലായി കേരളത്തിന്റെ പുനർനിർമ്മാണം സാധ്യതകളും തടസങ്ങളും വിഷയത്തിൽ പ്രൊഫ. ടി. പി. കുഞ്ഞിക്കണ്ണനും കാർഷിക മേഖലയെക്കുറിച്ച് ഡോ. എസ്. ജയശേഖറും സംസാരിച്ചു. ഡോ. സതീഷ് കുമാർ, ഡോ. ഹരികുറുപ്പ്, ഡോ. സുകുമാരൻ, ഡോ. മോത്തി ജോർജ്, ഡോ. പി സുനിൽ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

നാളെ എഴുത്തുകാരനും പരിസ്ഥിതി പ്രവർത്തകനുമായ കെ. സഹദേവൻ, ഡോ. രാജേഷ്. കെ, ഡോ. സന്തോഷ് മാത്യു, ഡോ. ജോബി തോമസ്, ഡോ. കുമാർ എസ്. പി, ഡോ. ജോബി ജോസ്, ഡോ. അനൂപ്കുമാർ ഉൾപ്പെടെയുള്ളവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും.

വിവിധ സെഷനുകളിലായി, ബാബു. സി, ഡോ. എൻ. സിന്ധു, ടെസ്സിമോൾ ജോർജ്, ഡോ. അബ്ദുൽ വഹാബ്, ജ്യോതിഷ്, പല്ലവി, ആൽബർട്ട്, അരുണാദേവി, സൗമ്യ എന്നിവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു.

അടിക്കുറിപ്പ്:-സെമിനാർ

എളേരിത്തട്ട് ഇ. കെ. നായനാർ സ്മാരക ഗവ. കോളേജിൽ സാമ്പത്തിക ശാസ്ത്ര വിഭാഗവും കോളേജ് വിദ്യാഭ്യാസ വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന ദ്വിദിന ദേശീയ സെമിനാർ കേന്ദ്ര സർവ്വകലാശാല രാജിസ്ട്രാർ ഡോ. എ. രാധാകൃഷ്ണൻ നായർ ഉദ്ഘാടനം ചെയ്യുന്നു.

## ഉത്തരവാദിത്ത ടൂറിസം മിഷൻ ടൂർ പാക്കേജ്;

## ഇന്നുകൂടി രജിസ്റ്റർ ചെയ്യാം

ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പാക്കുന്ന വിവിധ ടൂർ പാക്കേജുകളുടെ ഭാഗമാകാൻ ആഗ്രഹിക്കുന്ന കർഷകർ, ഹോം സ്റ്റേകൾ, കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നവർ, ഓട്ടോ, ടാക്സി ഡ്രൈവർമാർ, സർക്കാർ അംഗീകാരം നൽകിയിട്ടുള്ള ബോട്ട് ഓപ്പറേറ്റർമാർ, അംഗീകൃത ഭക്ഷണശാലകൾ, കലാപ്രവർത്തകർ, കലാഗ്രൂപ്പുകൾ,പരമ്പരാഗത തൊഴിൽ ചെയ്യുന്നവർ, ഖാദി യൂണിറ്റ് എന്നിവർക്ക് ഇപ്പോൾ യൂണിറ്റുകളായി ഇന്നു(5) രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങൾക്ക് ഉത്തരവാദിത്ത ടൂറിസം സംസ്ഥാന മിഷൻ ഓഫീസിലോ അതാത് ജില്ലാ ടൂറിസം ഓഫീസുകളിലോ ഉത്തരവാദിത്ത ടൂറിസം മിഷൻ കോർഡിനേറ്റർമാരെയോ ബന്ധപ്പെടാം.ഫോൺ: 9847398283

## വാഹന പുനർ ലേലം

പുല്ലൂർ പെരിയ ഗ്രാമ പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം കെഎൽ 14 എഫ് 6802, ബൊലേറോ ജീപ്പ് ഒക്ടോബർ 15ന് രാവിലെ 11 മണിക്ക് പുല്ലൂർ പെരിയ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ പുനർ ലേലം ചെയ്യും. വാഹനം നീലേശ്വരം ബ്ളോക്ക് പഞ്ചായത്തിന് സമീപമുള്ള പ്രിൻസ് വർക്ക് ഷോപ്പിൽ ലഭ്യമാകും.

(തുടരും)

## രണ്ടാംഘട്ട ബാങ്ക് വായ്പയ്ക്കുള്ള അപേക്ഷകള്‍ ക്ഷണിച്ചു

പ്രധാനമന്ത്രിയുടെ തൊഴില്‍ദായക പദ്ധതി (പി.എം.ഇ.ജി.പി) മുദ്ര വായ്പ എന്നിവ പ്രകാരം വ്യവസായ സംരംഭം ആരംഭിച്ച് നിലവില്‍ മൂന്ന് വര്‍ഷത്തിലേറെയായി മികച്ച രീതിയില്‍ പ്രവര്‍ത്തിച്ച് കൊണ്ടിരിക്കുന്നതും പ്രധാന മന്ത്രിയുടെ തൊഴില്‍ ദായക പദ്ധതി പ്രകാരമുള്ള സബ്സിഡി തുക അക്കൗണ്ടിലേക്ക് ക്രമപ്പെടുത്തുകയും ചെയ്തിട്ടുള്ള സംരംഭകരില്‍ നിന്നും പ്രസ്തുത സംരംഭത്തിന്റെ വിപുലീകരണത്തിനായി രണ്ടാംഘട്ട ബാങ്ക് വായ്പയ്ക്കുള്ള അപേക്ഷകള്‍ ക്ഷണിച്ചു. ഉല്‍പ്പാദന മേഖലയില്‍ ഒരു കോടി രൂപ വരെയുള്ള പ്രൊജക്ടുകളും (പരമാവധി 15 ലക്ഷം രൂപ സബ്സിഡിക്ക് അര്‍ഹത) സേവന മേഖലയില്‍ 25 ലക്ഷം രൂപ വരെയുള്ള പ്രൊജക്ടുകളും (പരമാവധി 3.75 ലക്ഷം രൂപ സബ്സിഡിക്ക് അര്‍ഹത) പരിഗണിക്കുന്നത്. അപേക്ഷകള്‍ ഓണ്‍ലൈനായാണ് (൦൦൦.സ്ശരീഹശില.ഴീ.ശി/ാലഴുലുീൃമേഹ) സമര്‍പ്പിക്കേണ്ടത്. വിശദ വിവരങ്ങള്‍ക്ക് കാസര്‍കോട് വിദ്യാനഗറിലുള്ള ജില്ലാ വ്യവസായ കേന്ദ്രം, താലൂക്ക് വ്യവസായ ഓഫീസ്, വിദ്യാനഗര്‍, താലൂക്ക് വ്യവസായ ഓഫീസ്, ഹോസ്ദുര്‍ഗ് എന്നീ ഓഫീസുകളുമായി ബന്ധപ്പെടണം.

## പ്രളയാനന്തര കേരളം സര്‍വേ; ബ്ലോക്ക്തല ഉദ്ഘാടനം

സംസ്ഥാന സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തില്‍ പത്താംതരം ഹയര്‍ സെക്കന്ററി തുല്യത പഠിതാക്കള്‍ നടത്തുന്ന പ്രളയാനന്തര കേരളം സര്‍വേയുടെ കാസര്‍കോട് ബ്ലോക്ക്തല ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി. എച്ച് മുഹമ്മദ് കുഞ്ഞി ചായിന്റടി നിര്‍വഹിച്ചു. മെഹമൂദ് തൈവളപ്പില്‍, സിദ്ദിഖ്, അബൂബക്കര്‍, ഷറഫുന്നിസ, സി. കെ പുഷ്പകുമാരി, സുജിത, കെ. വി. പുഷ്പകുമാരി എന്നിവര്‍ സംസാരിച്ചു. ഒരു പഠിതാവ് അഞ്ച് വീടുകളില്‍ സര്‍വേ നടത്തും. ഇനിയൊരു ദുരന്തം ഉണ്ടായാല്‍ എങ്ങനെ അതില്‍ നിന്നും രക്ഷനേടാം എന്ന് ജനങ്ങളെ ബോധവല്‍ക്കരിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

## ക്വട്ടേഷന്‍ ക്ഷണിച്ചു

കാസര്‍കോട് കുടുംബശ്രീ ജില്ലാമിഷന്‍ കുടുംബശ്രീ ഉല്‍പന്നങ്ങളുടെ മാര്‍ക്കറ്റിംഗിനാവശ്യമായി മാര്‍ക്കറ്റിംഗ് വിഭാഗത്തില്‍ കിയോസ്കുകള്‍ സ്ഥാപിക്കുന്നതിനായി അംഗീകൃത സംരംഭകരില്‍ നിന്നും ക്വട്ടേഷന്‍ ക്ഷണിച്ചു ക്വട്ടേഷന്‍ ഒക്ടോബര്‍ 10 ന് വൈകുന്നേരം നാലിനകം സമര്‍പ്പിക്കണം. കൂടുതല്‍ വിശദാംശങ്ങള്‍ക്ക് സിവില്‍ സ്റ്റേഷനില്‍ പ്രവര്‍ത്തിക്കുന്ന കുടുംബശ്രീ ജില്ലാ മിഷനില്‍ നേരിട്ടോ 04994 256111 എന്ന ഫോണ്‍ നമ്പറിലോ ബന്ധപ്പെടണം.

**(അവസാനിച്ചു)**